**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2808** **18-03-2022 - ൽ മറുപടിയ്ക്ക്**

**മണിമല - പ്രീമെട്രിക് ഹോസ്റ്റൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | null<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി വിഭാഗത്തിലെ കുട്ടികൾക്ക് പ്രീമെട്രിക് ഹോസ്റ്റൽ സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ; എത്ര സ്ഥലം ഇതിനായി ആവശ്യമാണെന്ന് വ്യക്തമാക്കാമോ; | (എ) | പട്ടികജാതി വിഭാഗത്തിലെ കുട്ടികൾക്ക് പ്രീമെട്രിക് ഹോസ്റ്റൽ സ്ഥാപിക്കുന്നതിനുള്ള ഏറ്റവും പ്രധാന ഘടകം ഉയർന്ന വിദ്യാഭ്യാസ നിലവാരമുള്ള സർക്കാർ സ്കൂളുകളുടെ സാമീപ്യമാണ്. അതോടൊപ്പം റോഡ്, വൈദ്യുതി, വെള്ളം എന്നിവയുടെ ലഭ്യതയും ഹോസ്റ്റലുകൾ സ്ഥാപിക്കുന്നതിനുള്ള അനിവാര്യ ഘടകങ്ങളാണ്. ഹോസ്റ്റൽ സ്ഥാപിക്കുന്നതിനു ഏറ്റവും കുറഞ്ഞത് 0.20 ഹെക്ടർ ഭൂമി ഉണ്ടായിരിക്കേണ്ടതാണ്. |
| (ബി) | പ്രീമെട്രിക് ഹോസ്റ്റലിലെ കുട്ടികളുടെ എണ്ണം സംബന്ധിച്ച നിബന്ധനകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; സമീപത്തെ എത്ര കിലോമീറ്റർ വരെയുള്ള സ്കൂളുകളിലെ കുട്ടികളെ പ്രവേശനത്തിനായി പരിഗണിക്കുമെന്ന് വ്യക്തമാക്കാമോ; | (ബി) | പ്രീമെട്രിക് ഹോസ്റ്റലിലെ കുട്ടികളുടെ എണ്ണം സംബന്ധിച്ച നിബന്ധനകൾ ചുവടെ ചേർക്കുന്നു. ഒരു പ്രീമെട്രിക് ഹോസ്റ്റലിൽ സാധാരണഗതിയിൽ അനുവദനീയമായ 30 അന്തേവാസികൾക്ക് പ്രവേശനം നൽകുന്നതാണ്. പ്രത്യേക സാഹചര്യങ്ങളിൽ കെട്ടിട സൗകര്യം, ഫണ്ടിന്റെ ലഭ്യത എന്നിവ കണക്കിലെടുത്ത് സർക്കാർ അനുമതിയ്ക്ക് വിധേയമായി അന്തേവാസികളുടെ എണ്ണം കൂട്ടുന്നതിനോ കുറയ്ക്കുന്നതിനോ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് അധികാരമുണ്ടായിരിക്കുന്നതാണ്. ഒരു ഹോസ്റ്റലിൽ അനുവദനീയമായ അന്തേവാസികളുടെ എണ്ണത്തിന്റെ 10 ശതമാനം പട്ടികജാതി ഇതര വിഭാഗത്തിൽപ്പെട്ടവർക്ക് നൽകുന്നതാണ്. ഇതര വിഭാഗങ്ങളെ പട്ടികവർഗ്ഗക്കാർ, മറ്റർഹ സമുദായങ്ങൾ, പട്ടികജാതിയിൽ നിന്നും മതപരിവർത്തനം നടത്തിയവർ, മറ്റു പിന്നാക്ക വിഭാഗങ്ങൾ, മുന്നാക്ക വിഭാഗങ്ങൾ എന്നീ ക്രമത്തിലാണ് നിശ്ചയിക്കുന്നത്. വീടിന്റെ 8 കിലോമീറ്റർ ചുറ്റളവിൽ സ്കൂളുകളില്ലാത്തവർക്ക് മുൻഗണന നൽകുന്നു. |
| (സി) | മണിമല പഞ്ചായത്തിൽ പട്ടികജാതി വികസന | (സി) | നിലവിൽ പരിഗണനയിൽ ഇല്ല |

| | | | |
|---|---|---|---|
| | വകുപ്പിന് കീഴിൽ പൊതുഭൂമിയായി ഉപയോഗിക്കാതെ കിടക്കുന്ന 1.35 ഏക്കർ സ്ഥലത്ത് പുതിയ പ്രീ മെട്രിക് ഹോസ്റ്റൽ സ്ഥാപിക്കുന്നതിന് അനുമതി ലഭ്യമാക്കാമോ? | | |

സെക്ഷൻ ഓഫീസർ